## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1154 — 04.12.2014 ൽ മറുപടിയ്ക്ക്

### അനാദായകരമായ സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | അനാദായകരമായ സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; ഇതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചിയിച്ചിട്ടുണ്ടോ; | (എ) | അനാദായകരമായ സ്കൂളുകൾ അടച്ചുപൂട്ടുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (ബി) | ആദിവാസി മേഖലകളിൽ അനാദായകരമായ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവയിലേതെങ്കിലും അടച്ചുപൂട്ടിയിട്ടുണ്ടോ; അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചവയുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | അനാദായകരമായ വിദ്യാലയങ്ങൾ സംബന്ധിച്ച വിവരങ്ങൾ ജില്ല തിരിച്ച് ശേഖരിക്കപ്പെട്ടതല്ലാതെ ആദിവാസി മേഖല തിരിച്ച് ക്രോഡീകരിക്കപ്പെട്ടിട്ടില്ല. |
| (സി) | പത്തിൽ താഴെ കുട്ടികൾ പഠിക്കുന്ന എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; ഇത്തരം സ്കൂളുകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ? | (സി) | പത്തിൽ താഴെ കുട്ടികളുള്ള വിദ്യാലയങ്ങളുടെ 2014 -15 വർഷത്തെ കണക്ക് പൂർത്തീകരിച്ചു കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ